**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2619** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ-ഭക്ഷ്യേതര ഉല്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ബ്രാന്റിംഗ്, വിപണനം എന്നിവയ്ക്കായി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ-ഭക്ഷ്യേതര ഉല്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും സംഘങ്ങളുടെ ഉല്പാദന നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിനും വിപണന രംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുമായി സഹകരണ മേഖലയിൽ "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്'' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.<br><br>സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടുവെയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയുലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ്.<br><br>സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉല്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ് മാർട്ടുകൾ (Coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ് മാർട്ടുകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്.<br><br>പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടം ഔട്ട്-ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള സോഫ്റ്റ് വെയർ ആണ് നടപ്പിലാക്കുന്നത്. |
| (ബി) | സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളിൽ വ്യാപാര മുദ്ര നിയമ പ്രകാരം രജിസ്റ്റർ | (ബി) | സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരത്തിന്റെയും മറ്റ് യോഗ്യതയുടെയും അടിസ്ഥാനത്തിൽ നൽകുന്ന സഹകരണ സർട്ടിഫിക്കേഷൻ മാർക്കായ coopkerala എന്ന ട്രേഡ് മാർക്കിനു 1999 -ലെ ട്രേഡ് മാർക്ക്സ് ആക്ട് |

| | | | |
|---|---|---|---|
| | ചെയ്ത വ്യാപാര നാമം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചു.<br><br>സഹകരണ ഉൽപ്പന്നങ്ങൾക്കു coopkerala സർട്ടിഫിക്കേഷൻ മാർക്ക് അനുവദിക്കുന്നതിന് അതുമായി ബന്ധപ്പെട്ട എക്സ്പേർട്ട്, ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുൾപ്പെട്ട മാനേജിംഗ് കമ്മിറ്റി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ coopkeralaസർട്ടിഫിക്കേഷൻ മാർക്ക് നൽകി വരുകയുമാണ്. |
| (സി) | ഗുണനിലവാരമുള്ള പഴങ്ങളുടെയും പച്ചക്കറികളുടെയും ശേഖരണവും വിപണനവും വ്യാപകമാക്കുന്നതിന് സഹകരണ മേഖലയിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഗുണനിലവാരമുള്ള പഴങ്ങളുടെയും പച്ചക്കറികളുടെയും ശേഖരണവും വിപണനവും വ്യാപകമാക്കുന്നതിന് സഹകരണ മേഖലയിൽ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. |

| പദ്ധതി | തുക | ലക്ഷ്യം |
|---|---|---|
| കാർഷിക ഉൽപ്പാദനം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ | 250.00 ലക്ഷം | 1. ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലു മുനിസിപ്പാലിറ്റികളിലും കോർപ്പറേഷന പരിധിയിൽ കുറഞ്ഞത് നാല കേന്ദ്രങ്ങളി-ലെങ്കിലും സംഭരണം സംസ്കരണം, വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കും<br><br>2. വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്ന് കാർഷികോൽപ്പന്നങ്ങൾ നേരിട്ട സംഭരിക്കുന്നതിൽ ഈ കേന്ദ്രങ്ങൾ ഏർപ്പെടുകയും ഇങ്ങനെ ശേഖരിക്കുന്ന കാർഷികോൽപ്പന്നങ്ങൾ സംസ്കരിച്ച സംഭരണ, സംസ്കരണകേന്ദ്രങ്ങളിൽ സംഭരിക്കുകയും ചെയ്യുക |
| ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ | 110.00 ലക്ഷം | 1. എല്ലാ പഞ്ചായത്തുകളിലു മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനു നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ് ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴ കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക സഹായിക്കുന്ന വിപണന വേദ ഒരുക്കുന്നു.<br><br>2. ഈ പദ്ധതിയിൽ ഗ്രാമീണ ചന്തകളെ സഹായിക്കുന്നതി-നായി ഓരോ ചന്തക്കും 10.00 ലക്ഷം രൂപ വീതം നീക്കി വച്ചിരിക്കുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളു |

| | | | |
|---|---|---|---|
| | | | മായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിനും വിലസ്ഥിരത ഉറപ്പാക്കുന്നതിനും സഹകരണ വകുപ്പിന്റെ സഹായം കൃഷി വകുപ്പിന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണി വില അടിസ്ഥാന വിലയേക്കാൾ കുറയുന്ന സാഹചര്യത്തിൽ ടി പച്ചക്കറികൾ കർഷകരിൽ നിന്നും അടിസ്ഥാന വിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷിക വകുപ്പ് രൂപം നൽകിയിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന കോ-ഓപ്പ്മാർട്ട് വെജ്ഫ്രഷ് എന്ന പേരിൽ ഔട്ട് ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ